9005
19/4/17

## അനുബന്ധം - എച്ച് 4

## നോട്ടീസ്

ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യാസം വഴി ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ ലേവർ ഡിവിഷൻ ക്ലാർക്കായി സേവനമനുഷ്ഠിക്കവേ, ശ്രീ. വി.ബി.ബൈജുമോൻ എന്ന താങ്കൾ നടത്തിയ സാമ്പത്തിക തിരിമറിക്കും ക്രമക്കേടുകൾക്കും, തുടർന്ന് 18-06-2012 മുതലുള്ള അനധികൃത ഹാജരില്ലായ്മക്കും എതിരെ ഗ്രാമവികസന കമ്മീഷണറുടെ 06-12-2014 -ലെ 22026/എസ്റ്റാ. എ2/സിആർഡി നമ്പർ പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. അതിൽ 1960 -ലെ KCS(CC & A) ചട്ടങ്ങൾ പ്രകാരം താങ്കൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കാതിരിക്കുവാൻ കാരണങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ വാദപ്രതിവാദ പത്രിക/വിശദീകരണം 15 ദിവസത്തിനകം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും വാദപ്രതിവാദ പത്രിക സമർപ്പിക്കാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊരു വിശദീകരണവും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ 1960 -ലെ KCS(CC & A) ചട്ടം II(1)(VII), കേരള സർവ്വീസ് റൂൾസ് അപ്പൻഡിക്സ് XIIA(9), ഇന്ത്യൻ ഭരണഘടന-ആർട്ടിക്കിൾ 311 എന്നിവ പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചുവിടാനും താങ്കൾ സാമ്പത്തിക തിരിമറി നടത്തിയതായി വിജിലൻസ് കണ്ടെത്തിയ 9,77,000/- രൂപ താങ്കളുടെ ബാധ്യതയായി നിശ്ചയിച്ച് ഈടാക്കുവാനും താല്ക്കാലികമായി തീരുമാനിച്ചിട്ടുണ്ട്.

മേൽ ശിക്ഷണ നടപടി സംബന്ധിച്ച് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്ക് വാദഗതികളൊന്നും ഉന്നയിക്കാനില്ലെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

അച്ചടക്ക നടപടി സ്വീകരിക്കുന്ന അധികാരി

ഗ്രാമവികസന കമ്മീഷണർ
ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ.പി.ഒ, തിരുവനന്തപുരം - 3

ഗ്രാമവികസന കമ്മീഷണർ (i/c)

സ്വീകർത്താവ്

ശ്രീ. വി.ബി.ബൈജുമോൻ
S/o. ബാവകുഞ്ഞ്
വെള്ളാപ്പള്ളി പുരയിടം
കനാൽ വാർഡ്, ആലപ്പുഴ